LIBRARY ARCHIVES Kerala Legislative Assembly

ഗുരുവായൂർ -തിരുനാവായ റെയിൽവേ ലൈൻ

65 (4056) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം ആർത്താറ്റ് വഴിയുള്ള ഗുരുവായൂർ തിരുനാവായ റെയിൽവെ ലൈനിന്റെ പ്രവർത്തന പുരോഗതി എന്താണെന്ന് അറിയിക്കാമോ ;

(ബി) ഇതിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചുവോ ;

(സി) പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തുന്നതിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗുരുവായൂർ-തിരുനാവായ റെയിൽവെ ലൈനിന്റെ മലപ്പുറം ജില്ലയിലെ അലൈൻമെന്റ് മലപ്പുറം ജില്ലാ കളക്ടറും റെയിൽവെയും കൂടി നിർദ്ദേശിച്ചിട്ടുള്ള കനോലി കനാലിന് സമീപത്തുകൂടി അന്തിമമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 27-10-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ കുന്നംകുളം വഴിയുള്ള അലൈൻമെന്റ് സ്വീകരിക്കുന്നതിനാണ് തീരുമാനിച്ച് റെയിൽവേയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) ലൊക്കേഷൻ സർവ്വേ പൂർത്തിയായിട്ടില്ല. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ സർവ്വേ നടപടികൾ ആരംഭിക്കുകയുള്ളൂ.

(സി&ഡി) ബഡ്ജറ്റിന് മുന്നോടിയായി റെയിൽവേയ്ക്ക് സമർപ്പിക്കുന്ന മെമ്മോറാണ്ടത്തിലൂടെയും കേരളത്തിലെ എം.പി.-മാർ മുഖേനയും ഈ ആവശ്യം സംസ്ഥാന സർക്കാർ നിരന്തരം ഉന്നയിക്കുന്നുണ്ട്.

ടെയിനുകളിൽ പുതിയ ബോഗികൾ ഘടിപ്പിക്കാൻ നടപടി

66 (4057) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ടെയിനുകളിലെ ബോഗികൾ ഏറ്റവും മോശമായവയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉപയോഗയോഗ്യമായവയും മോശമല്ലാത്തതുമായ ബോഗികൾ സംസ്ഥാനത്തിന് ലഭിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ;

(സി) യാത്രയ്ക്ക് അധിക തുക ഈടാക്കുന്ന ജനശതാബ്ദി ട്രെയിനുകളിൽ സാധാരണ കോച്ചുകൾ ഘടിപ്പിക്കുന്നത് വ്യാപകമായത് ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗ യോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70 ശതമാനത്തിനുമേൽ 25 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർ ഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേക്ക് അയയ്ക്കുമ്പോൾ അവിടെ നിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം ചെന്നവയുമാണെന്നും മുൻപ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ പാസഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തരമായി പരിഗണിക്കണമെന്ന് കേന്ദ്ര റെയിൽവെ മന്ത്രിയോട് സംസ്ഥാന സർക്കാർ അന്ന് അഭ്യർത്ഥിച്ചിരുന്നു.

(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടംഘട്ടമായി 5 കൊല്ലത്തിനകം മാറ്റണമെന്നും;

(ii) തിരുവനന്തപുരത്തെയും എറണാകുളത്തെയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണമെന്നും;

(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണമെന്നും;

(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണമെന്നും.

തുടർന്ന് റിപ്പയറിംഗിനായി നൽകുന്ന കോച്ചുകൾ തന്നെ മടക്കി ലഭിച്ചു തുടങ്ങിയിട്ടുണ്ടെന്ന് റെയിൽവേ അറിയിച്ചു

LIBRARY ARCHIVES Kerala Legislative Assembly

2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റെയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ഡിസംബർ 2014-ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

(സി) ഈ സാഹചര്യം ഒഴിവാക്കുവാനായി ആവശ്യത്തിന് സ്പെയർ കോച്ചുകൾ ചെന്നൈ റെയിൽവേ വർക്ക്ഷോപ്പിൽനിന്നും ആവശ്യപ്പെടുവാൻ തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജർ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

വിവിധ നിരക്കിലുള്ള സ്റ്റാമ്പുകൾ ലഭ്യമാകാത്ത സാഹചര്യം

67 (4058) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോസ്റ്റ് ഓഫീസുകളിൽ വിവിധ നിരക്കിലുള്ള സ്റ്റാമ്പുകൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓർഡർ നൽകിയിട്ടും ആവശ്യമുള്ള സ്റ്റാമ്പുകൾ തപാൽ മേഖലയിൽ എത്തിച്ചേരാത്തതിന്റെ കാരണം എന്താണ്;

(സി) സ്റ്റാമ്പ് ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്റ്റാമ്പ് അച്ചടിക്കുന്നതിനുള്ള അച്ചടി പേപ്പറിന്റെ ദൗർലഭ്യം മൂലമാണ് അച്ചടി പ്രസ്സിൽ നിന്നും സ്റ്റാമ്പ് എത്തിച്ചേരാത്തത്.

(സി) ഇക്കാര്യം എത്രയും വേഗം പരിഹരിക്കണമെന്ന് കേന്ദ്ര തപാൽ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

മലിനീകരണ നിയന്ത്രണ ആസൂത്രണം

68 (4059) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലിനീകരണ നിയന്ത്രണരംഗം കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly